# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

**(നിലവിൽ : ഡോ. പി. പുകഴേന്തി ഐ.എഫ്.എസ്)**

| | |
|---|---|
| വിഷയം :- | പിന്നാക്ക വിഭാഗ വികസനം - പരമ്പരാഗത കരകൗശല വിദഗ്ദ്ധർക്ക് നൈപുണ്യ വികസന പരിശീലനവും പണിയായുധങ്ങൾക്ക് ഗ്രാന്റും നൽകുന്ന പദ്ധതി (2016-17) - രണ്ടാം ഗഡു അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്. |
| പരാമർശം:- | (1) ഈ കാര്യാലയത്തിലെ 13.01.2017 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.<br>(2) വകുപ്പ് ഡയറക്ടറേറ്റിൽ 04.05.2017-ന് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകനയോഗ തീരുമാനം. |

..........................................................................................

**ഉത്തരവ് നമ്പർ : BCDD/A1/2587/2016** **തീയതി: 17/05/ 2017**

..........................................................................................

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളായ മൺപാത്ര നിർമ്മാണ ധനസഹായം, ബാർബർഷോപ്പ് നവീകരണ ധനസഹായം, പരമ്പരാഗത കരകൗശല വിദഗ്ദ്ധർക്ക് നൈപുണ്യ വികസന പരിശീലനവും പണിയായുധങ്ങൾക്ക് ഗ്രാന്റും നൽകുന്ന പദ്ധതി, എന്നീ പദ്ധതികളുടെ ഗുണഭോക്തൃനിർണ്ണയം നടത്തി ആനുകൂല്യ വിതരണം ഉൾപ്പെടെയുള്ള പദ്ധതി നിർവ്വഹണത്തിനുള്ള ചുമതല മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം (2) പ്രകാരം നടന്ന അവലോകന യോഗത്തിൽ പരമ്പരാഗത കരകൗശല വിദഗ്ദ്ധർക്ക് നൈപുണ്യ വികസന പരിശീലനവും പണിയായുധങ്ങൾക്ക് ഗ്രാന്റും നൽകുന്ന പദ്ധതിയ്ക്ക് എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസിനു കീഴിലെ അർഹരായ ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു അനുവദിയ്ക്കുന്നതിനുള്ള അനുമതി നൽകുന്നതിന് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം, കോഴിക്കോട് മേഖലാ സീനിയർ സൂപ്രണ്ടുമാർ എന്നിവർ അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നതിന് യോഗത്തിൽ തീരുമാനമായിരുന്നു.

മേൽ സാഹചര്യത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പരമ്പരാഗത കരകൗശല വിദഗ്ദ്ധർക്ക് നൈപുണ്യ വികസന പരിശീലനവും പണിയായുധങ്ങൾക്ക് ഗ്രാന്റും നൽകുന്ന പദ്ധതിയിൽ 2016-17 വർഷം ഒന്നാം ഗഡു അനുവദിച്ച ഗുണഭോക്താക്കൾക്ക് പരിശോധിച്ച് രണ്ടാം ഗഡു അനുവദിക്കുന്നതിനുള്ള അനുമതി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

**ഡയറക്ടർ**

(മറുപുറം)

പകർപ്പ്:-

1. പ്രിൻസിപ്പൽ സെക്രട്ടറി (ഉപരിപത്രം സഹിതം)
2. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം, കോഴിക്കോട്. (തുടർ നടപടി സ്വീകരിക്കുന്നതിനായി)
3. ജില്ലാ ട്രഷറി, കോഴിക്കോട്.
4. സബ് ട്രഷറി, കാക്കനാട്, എറണാകുളം.
5. സ്റ്റോക്ക് ഫയൽ/സ്പെയർ.

ആജ്ഞാനുസരണം

സീനിയർ സൂപ്രണ്ട്

JA